GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/10/2026

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **'കാർഷിക വിഭവങ്ങളുടെ സംസ്കരണവും, മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണവും'** എന്ന വിഷയത്തിൽ ഒക്ടോബർ മാസം മുതൽ എല്ലാ ചൊവാഴ്ചയും പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. അതിന്റെ ഭാഗമായി ഒക്ടോബർ മാസം 6- ന് **'കാർഷിക വിഭവ കേക്കുകളും, കുക്കീസും - ആരോഗ്യത്തിനും, രുചിഭേദത്തിനും'** എന്ന വിഷയത്തിൽ വിദഗ്ധരുടെ ക്ലാസ്സുകൾ ഉൾപ്പെടുത്തി പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

പരിശീലന ഫീസ് 500/- രൂപ. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 9400483754 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 1.5 മാസം പ്രായമായ പൂവൻ കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനക്ക്. വില ഒന്നിന് 200/- രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിൻ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെൻ്ററിൻ്റെ ആഭിമുഖ്യത്തിൽ **"മുട്ടക്കോഴി വളർത്തൽ"** എന്ന വിഷയത്തിൽ **ഒക്ടോബർ** 13ന് **ഏകദിന പരിശീലന പരിപാടി** സംഘടിപ്പിക്കുന്നു. മുട്ടക്കോഴികളുടെ പൊതുവായ പരിപാലനം, ആരോഗ്യസംരക്ഷണം, തീറ്റക്രമം, കൂട് പരിപാലനം തുടങ്ങിയ വിഷയങ്ങളിൽ വിശദമായ ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. കൂടാതെ, ആരോഗ്യപരിപാലനം, പ്രതിരോധ കുത്തിവയ്പ്പ് എന്നിവയിൽ പ്രായോഗിക പരിശീലനവും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ **ഒക്ടോബർ 5ന് മുമ്പായി** ഓഫീസ് സമയമായത്ത് 8547070773, 0487-2370773 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. പേവിഷബാധവിമുക്ത കേരളം-പ്രതിരോധകുത്തിവയ്പ്പ് പദ്ധതി നാലാം ഘട്ടം സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 27 വരെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ Rabies Free Keralam Vaccination Campaign പദ്ധതിയുടെ കീഴിൽ നടത്തുന്ന വളർത്തുനായകൾക്കുള്ള ആന്റി റാബീസ് വാക്സിനേഷൻ ക്യാമ്പെയിൻ ആണ് ഇത്. മാരകമായ റാബീസ് രോഗത്തിൽ നിന്നും വളർത്തു നായ്ക്കളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതിയാണ്. ഇതുവഴി മനുഷ്യരിൽ റാബീസ് രോഗബാധ ഉണ്ടാകുന്നത് തടയാൻ സാധിക്കും.

5. കെ- അഗ്ടെക് ലോഞ്ച് പാഡ് വെള്ളായണി കാർഷിക കോളജ് ഒക്ടോബർ 23ന് സംഘടിപ്പിക്കുന്ന ഏകദിന മൈക്രോഗ്രീൻ ഉത്പാദന പരിശീലന പരിപാടിയിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. കെ- അഗ്ടെക് ലോഞ്ച് പാഡിൽ വെച്ച് രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണി വരെ നടക്കുന്ന പരിശീലനത്തിൽ മൈക്രോഗ്രീൻസ് തയാറാക്കൽ, വിളവെടുപ്പ്, വിവിധ ഭക്ഷ്യവിഭവങ്ങളുടെ തയാറാക്കൽ, സംരംഭകത്വ സാധ്യതകൾ എന്നിവയിൽ പ്രായോഗിക പരിശീലനം നൽകും. പങ്കെടുക്കാൻ താല്പര്യം ഉള്ളവർ രജിസ്ട്രേഷൻ ഫീസ് ആയ 500 രൂപയടച്ച് ഒക്ടോബർ 21 നു മുൻപായി രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 9995624888 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.